കേരള സർക്കാർ GOVERNMENT OF KERALA
**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
**THE STATE INSTITUTE OF LANGUAGES**
നാളന്ദ, തിരുവനന്തപുരം – 695 003, കേരള
Nalanda, Thiruvananthapuram - 695 003, Kerala

20.03.2018

*വാർത്ത പ്രസിദ്ധീകരണത്തിന്*

# കേരള ഭാഷാ പാഠശാലയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

ചിട്ടയായ ഭാഷാപഠനം സാധ്യമാക്കുന്നതിനുവേണ്ടി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് **കേരള ഭാഷാപാഠശാല** ആരംഭിക്കുന്നു. ഏപ്രിൽ രണ്ടു മുതൽ ആരംഭിക്കുന്ന ക്ലാസ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാപത്രിക ഇൻസ്റ്റിറ്റ്യൂട്ടിന്റെ തിരുവനന്തപുരത്തുള്ള ഓഫീസിൽ നിന്ന് ലഭിക്കും.

അക്ഷരം, പദം, വാക്യം, വ്യാകരണം എന്നീ ക്രമത്തിൽ തെറ്റില്ലാതെ മലയാളം ഉപയോഗിക്കുന്നതിനുള്ള കഴിവ് പഠിതാക്കളിൽ വളർത്തുകയാണ് ലക്ഷ്യം. പഠനകാലാവധി രണ്ടുമാസമാണ്. രാവിലെ പത്തുമുതൽ ഒരു മണി വരെയാണ് പഠനസമയം. ആകെ ലഭ്യമാകുന്ന സമയം 150 മണിക്കൂറായിരിക്കും.

പത്തിനും പതിനഞ്ചിനുമിടയ്ക്കു പ്രായമുള്ളവർക്കുവേണ്ടി ഒരു പാഠശാലയും പതിനഞ്ചിനും ഇരുപതിനുമിടയ്ക്കു പ്രായമുള്ളവർക്കുവേണ്ടി മറ്റൊരു പാഠശാലയും പൂർണമായും സൗജന്യമായി പ്രവർത്തിക്കും. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എൻ.വി ഹാളിൽ പ്രവർത്തിക്കുന്ന കേരളഭാഷാ പാഠശാലയിൽ പ്രഗത്ഭരായ ഗുരുനാഥന്മാരായിരിക്കും ക്ലാസ്സുകൾ നയിക്കുന്നത്.

**പ്രൊഫ.വി.കാർത്തികേയൻ നായർ**
ഡയറക്ടർ
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്